LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ റോഡുകളും, പാലങ്ങളും പുനരുദ്ധരിക്കാൻ നടപടി

303 [2360] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാലവർഷംമൂലം തകർന്ന റോഡുകളും, പാലങ്ങളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ;

(ഡി) പേരാമ്പ്ര മണ്ഡലത്തിലെ അത്തരം റോഡുകളുടെയും പാലങ്ങളുടെയും പേരുവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാലവർഷം മൂലം തകർന്ന റോഡുകളുടേയും പാലങ്ങളുടേയും പേരുവിവരം അനുബന്ധമായി വച്ചിരിക്കുന്നു.†

(ബി) ഏകദേശം 316.5 ലക്ഷം രൂപ.

(സി) അടിയന്തിരമായി ചെയ്യേണ്ട കേടുപാടുകൾ മുൻഗണനാക്രമമനുസരിച്ച് ചെയ്തുവരുന്നുണ്ട്. ബാക്കി പണികൾ മഴ കഴിഞ്ഞതിനുശേഷം ചെയ്യാനാണുദ്ദേശിക്കുന്നത്.

(ഡി) പേരാമ്പ്ര മണ്ഡലത്തിലെ തകർന്ന റോഡുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

(1) പുതിയങ്ങാടി-ചൊവ്വ ബൈപ്പാസ് കിലോമീറ്റർ 17/600 മുതൽ 19/600, 25/000 മുതൽ 26/000, 28/800 മുതൽ 22/000 എന്നീ റീച്ചുകൾ.

(2) ചാലിക്കര പുളിയോട് മുക്ക് അവരാട്ടുമുക്ക് റോഡിൽ 1/800 മുതൽ 2/000 വരെയും, 4/000 മുതൽ 4/400 വരെയുള്ള ഭാഗങ്ങൾ.

(3) പാലേരി ഒറ്റക്കണ്ടം റോഡിൽ കൾവർട്ട്.

(4) നടുവണ്ണൂർ അരിക്കുളം റോഡിൽ 2/500 മുതൽ 3/500 വരെ ഓട നിർമ്മാണം.

(5) കടിയങ്ങാട് പാലത്തിന്റെ അപ്രോച്ച് റോഡ്.

(6) പുതിയങ്ങാടി-ചൊവ്വ ബൈപ്പാസിൽ കിലോമീറ്റർ 40/000 മുതൽ 41/000-നും ഇടയിലുള്ള കൾവർട്ട്.

(7) പയ്യോളി-പേരാമ്പ്ര റോഡിൽ കിലോമീറ്റർ 17/000 മുതൽ 18/106-വരെയും ഭാഗങ്ങൾ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.